തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.പി.കെ.രാഘവൻ):

(എ) ഹോട്ടൽ തൊഴിലാളികൾക്ക് മാത്രമായി നിയമം ഒന്നും ഇല്ലെങ്കിലും ഹോട്ടൽ തൊഴിലാളികൾക്കുകൂടി ബാധകമായ സാമാന്യ തൊഴിൽ നിയമങ്ങൾ ഉണ്ട്.

(ബി) ഉണ്ട്.

(സി) നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് അനുസൃതമായ നടപടികൾ ഇപ്പോൾതന്നെ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

കർഷക തൊഴിലാളികൾക്ക് ഗവൺമെന്റ് നൽകിയ ഉറപ്പുകൾ

* 693 [752] ശ്രീ. എസ്. വാസുദേവ മേനോൻ:

,, കെ. അനിരുദ്ധൻ:

,, എൻ. വാസുദേവൻ പിള്ള:

,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

ജനുവരി മാസത്തിൽ കർഷക തൊഴിലാളികൾ സംസ്ഥാന വ്യാപകമായി നടത്തിയ സമരം അവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് കൊടുത്ത ഉറപ്പുകൾ പ്രാവർത്തികമാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു പറയുമോ?

തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.എം.കെ.രാഘവൻ):

സമരം അവസാനിപ്പിക്കുന്നതിന് ഗവൺമെന്റ് ഉറപ്പുകൾ ഒന്നും കൊടുത്തിട്ടില്ല. എന്നാൽ, കർഷകതൊഴിലാളി നിയമത്തിലെ വകുപ്പുകൾ കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്. കർഷകതൊഴിലാളികളുടെ രജിസ്ട്രേഷൻ ത്വരിതപ്പെടുത്തുവാൻ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിൽ രണ്ടു പ്രദേശങ്ങളിൽ മിനിമം കൂലി നൽകുന്നില്ല എന്ന പരാതിയെപ്പറ്റി അന്വേഷിക്കാനും പ്രശ്നം പരിഹരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മിനിമം കൂലി പുതുക്കേണമോ വേണ്ടയോ എന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. കർഷകതൊഴിലാളികൾക്ക് പ്രൊവിഡന്റ് ഫണ്ടോ വെൽഫെയർ ഫണ്ടോ ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റിന്റെ സത്വര പരിഗണനയിൽ ഇരിക്കുകയാണ്. കർഷകതൊഴിലാളി നിയമത്തിലും ചട്ടങ്ങളിലും വരുത്തേണ്ടതായ ഭേദഗതികളെപ്പറ്റി ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റികൾ

* 694 [753] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം തൊഴിൽ മേഖലകളിൽ ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റികൾ നിലവിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly